STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.101/PR/SPMC/PHQ/2022 Date:30.05.2022

## അത്യാധുനിക ആയുധ ശേഖര പ്രദർശനവുമായി 'എന്റെ കേരളം' മെഗാ എക്സിബിഷനിൽ കേരളാ പോലീസ്

പോലീസിന്റെ ഭീകര വിരുദ്ധസേനയ്ക്ക് പ്രത്യേകമായി അനുവദിച്ച അത്യാധുനിക 7.6 സ്നൈപ്പർ റൈഫിൾ അടുത്തറിയാം തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരവളപ്പിൽ നടക്കുന്ന എന്റെ കേരളം മെഗാ എക്സിബിഷനിലെ പോലീസ് സ്റ്റാളിൽ എത്തിയാൽ. അതിസൂക്ഷ്മമായി ലക്ഷ്യം കാണാനാവുന്ന ഈ ആയുധം വളരെ ദൂരത്തിൽ ക്രമീകരിച്ച് ശത്രുവിനെ കൃത്യമായി വകവരുത്താൻ സഹായിക്കും. പശ്ചിമ ബംഗാളിലെ ഇഷാപ്പൂർ ആയുധ നിർമ്മാണ ഫാക്ടറിയുടെ ഉൽപ്പന്നമായ 7.6 സ്നൈപ്പർ റൈഫിളിൽ അമേരിക്കൻ നിർമ്മിത ടെലസ്കോപ്പ് ആണ് ഘടിപ്പിച്ചിരിക്കുന്നത്.

കൃത്യമായി ഉന്നംപിടിച്ച് മറ്റാർക്കും അപകടം ഏൽക്കാതെ ശത്രുവിനെ മാത്രം വകവരുത്തുന്നതിന് ഓരോ ഷോട്ടായി വെടി ഉതിർക്കാൻ കഴിയുന്നതാണ് ഈ ആയുധം. കേരളാ പോലീസിന്റെ കൈവശമുള്ള ആയുധങ്ങളുടെ പ്രത്യേകതയും അവയുടെ പ്രവർത്തന രീതിയും പോലീസ് ഉദ്യോഗസ്ഥർ വിശദീകരിച്ച് നൽകും എന്റെ കേരളം എക്സിബിഷനിലെ പോലീസ് സ്റ്റാളിൽ.

ഒരു മിനിറ്റിൽ 600 റൗണ്ടുവരെ ഫയർ ചെയ്യാൻ കഴിയുന്ന ഇസ്രായേൽ നിർമ്മിത 9 എം.എം എസ്.എം.ജി തോക്കാണ് ആയുധ ശേഖരത്തിലെ മറ്റൊരു ആകർഷണം. ആട്ടോമാറ്റിക് ആയും ഒറ്റയായും ഫയർ ചെയ്യാം. ഓടിക്കൊണ്ടിരിക്കുന്ന അക്രമിയെ കീഴ്പ്പെടുത്തുന്നതിന് ഒരു തവണ കാഞ്ചി വലിച്ചാൽ രണ്ട് വെടി ഉതിർക്കുന്ന വിധത്തിലും ഈ ആയുധം ക്രമീകരിക്കാം. വളരെ ലളിതമായി കൈകാര്യം ചെയ്യാവുന്ന ഈ തോക്ക് സുരക്ഷാ ഡ്യൂട്ടിക്ക് സ്ഥിരമായി ഉപയോഗിക്കുന്നു.

ഇതിന് പുറമെ ഇന്ത്യൻ നിർമ്മിതവും റഷ്യൻ നിർമ്മിതവുമായ എ.കെ.47 തോക്കുകളും പ്രദർശനത്തിലുണ്ട്. 30 റൗണ്ട് മെഗസിൻ കപ്പാസിറ്റി ഉള്ളവയാണ് ഓരോ തോക്കും. തൃച്ചിയിലെ ആയുധ ഫാക്ടറിയിൽ നിന്നുള്ളതാണ് താർ എന്ന പേരിലുള്ള ഇന്ത്യൻ നിർമ്മിത എ.കെ.47 തോക്ക്. മൊബൈൽ ഗെയിമുകളിലൂടെ അടുത്തറിഞ്ഞ മെഷിൻ ഗണ്ണുകൾ കുട്ടികളും മുതിർന്നവരും കൗതുക പൂർവ്വം വീക്ഷിക്കുന്നു.

പോലീസ് ഉദ്യോഗസ്ഥർ കൊണ്ടുനടക്കുന്ന ഇൻസാസ് റൈഫിൾ, ഓസ്ട്രിയൻ നിർമ്മിത ഗ്ലോക്ക് പിസ്റ്റൽ, മുപ്പത് റൗണ്ട് മെഗസിൻ കപ്പാസിറ്റിയുള്ള ലൈറ്റ് മെഷീൻ ഗൺ എന്നിവയും കാണാം പോലീസിന്റെ തോക്ക് ശേഖരത്തിൽ.

ഒരേ സമയം ആറ് ഗ്രനേഡുകൾ വരെ നിറയ്ക്കാൻ കഴിയുന്ന മൾട്ടി ഷെൽ ലോഞ്ചർ ആണ് മറ്റൊരു ആകർഷണം. റിവോൾവിംഗ് സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഈ ആയുധത്തിൽ ഷെല്ലുകളും റബ്ബർ ബുള്ളറ്റുകളും ലോഡ് ചെയ്യാൻ കഴിയും. കളർ ഗ്രനേഡ് ഉൾപ്പെടെ വിവിധതരം ഗ്രനേഡുകളും പ്രദർശനത്തിലുണ്ട്. പോലീസിന്റെ ആയുധങ്ങൾക്ക് പുറമെ ഓരോന്നിലും ഉപയോഗിക്കുന്ന വെടിക്കോപ്പുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റി ആർമറർ സബ് ഇൻസ്പെക്ടർ വി.സുരേഷ് കുമാറിന്റെ നേതൃത്വത്തിലുള്ള അഞ്ചംഗ പോലീസ് സംഘമാണ് കേരളാ പോലീസിന്റെ ആയുധങ്ങൾ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നത്.

ഫോട്ടോക്യാപ്ഷൻ : എന്റെ കേരളം മെഗാ എക്സിബിഷനിലെ പോലീസിന്റെ ആയുധ സ്റ്റാളിൽ നിന്നുള്ള വിവിധ ദൃശ്യങ്ങൾ.

******************************